Draft #12 of File 3379/AC B7-3/2021/REG SECT Approved by ASSISTANT REGISTRAR IV (ACADEMIC) on 04-Feb-2021 08:35 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM
विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

'നവകേരളം- യുവകേരളം'- ബഹു. മുഖ്യമന്ത്രി സർവ്വകലാശാല ക്യാമ്പസിൽ വച്ച് വിദ്യാർത്ഥികളുമായി സംവദിക്കുന്നതിനായി നിശ്ചയിച്ചുള്ള സ്റ്റുഡന്റ്സ് മീറ്റിൻറെ നടത്തിപ്പുമായി ബന്ധപ്പെട്ട് 03.02.2021-ന് പ്രൊ. വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിൽ വൈസ് ചാൻസലറുടെ കോൺഫറൻസ് ഹാളിൽ ചേർന്ന ജനറൽ കമ്മറ്റി യോഗത്തിലെ ശിപാർശകൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**അക്കാദമിക് ബി 7 സെക്ഷൻ**

നമ്പർ. 769/AC B 7/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 05.02.2021

---

*പരാമർശം:*-'നവകേരളം-യുവകേരളം' പരിപാടിയുടെ ഭാഗമായി ബഹു. മുഖ്യമന്ത്രി സർവകലാശാലയിലെ വിദ്യാർത്ഥികളുമായി സംവദിക്കുന്നതിന് 08.02.2021-ൽ മഹാത്മാഗാന്ധി സർവകലാശാലയിൽ വച്ചു നടത്തുന്ന സ്റ്റുഡന്റ് മീറ്റിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് രൂപീകരിച്ച ജനറൽ കമ്മറ്റിയുടെ യോഗം പ്രൊ. വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിൽ 03.02.2021, 3.00 പി.എം.ന് വൈസ് ചാൻസലറുടെ കോണ്ഫറൻസ് ഹാളിൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്.

**<u>ഉത്തരവ്</u>**

ബഹു. മുഖ്യമന്ത്രി 08.02.2021-ൽ സർവ്വകലാശാല ക്യാമ്പസിൽ വച്ച് വിദ്യാർത്ഥികളുമായി സംവദിക്കുന്നതിനായി നിശ്ചയിച്ചുള്ള സ്റ്റുഡന്റ്സ് മീറ്റിൻറെ നടത്തിപ്പുമായി ബന്ധപ്പെട്ട് ബഹു.വൈസ് ചാൻസലർ ചെയർമാനായും അഡ്വ. പി.ഷാനവാസ് (സിൻഡിക്കേറ്റ് അംഗം) കൺവീനറുമായി രൂപീകരിച്ചിട്ടുള്ള ജനറൽ കമ്മറ്റി 03.02.2021, 3.00 PM-ന് പ്രൊ-വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിൽ വൈസ് ചാൻസലറുടെ കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ താഴെ പറയുന്ന ശിപാർശകൾ കൈക്കൊണ്ടു.

1. കോവിഡ്-19-നുമായി ബന്ധപ്പെട്ട് പ്രഖ്യാപിച്ചിട്ടുള്ള കണ്ടെയ്ൻമെൻറ് സോണിൽ സർവകലാശാല സ്ഥിതിചെയ്യുന്ന സ്ഥലവും ഉൾപ്പെടുന്നുവെങ്കിൽ സ്റ്റുഡന്റ്സ് മീറ്റ് പാലാ സെന്റ് തോമസ് കോളജിൽ നടത്തുവാൻ ശിപാർശ ചെയ്തു.

2. സ്റ്റുഡന്റ്സ് മീറ്റിനെ സംബന്ധിച്ച് അറിയിപ്പ് നൽകുന്ന പരസ്യബോർഡ്, സർവകലാശാലാ കവാടത്തിലും സ്റ്റേഡിയത്തിലും സ്ഥാപിക്കുന്ന ആർച്ച്, ബ്രോഷർ, പ്രത്യേകമായി

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

പ്രസിദ്ധികരിക്കുന്ന പത്രം തുടങ്ങിയവയുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണെന്ന് പബ്ളിസിറ്റി കമ്മിറ്റി കൺവീനറും 04.02.2021-ൽ പരിപാടിയെ സംബന്ധിച്ച് വിശദീകരിക്കുന്നതിനായി കോട്ടയം പ്രസ്സ് ക്ലബ്ബിൽ വച്ച് പത്ര സമ്മേളനം നടത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുള്ളതായി പി.ആർ.ഒ.-യും അറിയിക്കുകയുണ്ടായി. പബ്ലിസിറ്റി കമ്മറ്റിയുടെ ചുമതലയിലുള്ള പ്രവർത്തിക്കൾക്കായി ടി കമ്മിറ്റി തയ്യാറാക്കിയ ആകെ ഏകദേശം 1,47,000/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുവാൻ ശിപാർശ ചെയ്തു.

3. പരിപാടിയിൽ പങ്കെടുക്കുന്നതിനായി പരമാവധി 210 വിദ്യാർത്ഥികളെവരെ ഉൾപ്പെടുത്താമെന്നും അവരുടെ ലിസ്റ്റ് ഉടനെതന്നെ കോളജുകളിലേക്ക് അറിയിക്കുമെന്നും അവരിൽ നിന്ന് ബഹു. മുഖ്യമന്ത്രിയോട് ചോദ്യങ്ങൾ ചോദിക്കുവാൻ ഏകദേശം 40 വിദ്യാർത്ഥികളുടെ ലിസ്റ്റ് തയ്യാറാക്കിയതായും അക്കാദമിക് ആൻഡ് സ്ക്രീനിംഗ് കമ്മിറ്റി കൺവീനർ അറിയിച്ചു. വിദ്യർത്ഥികൾക്ക് അവരവരുടെ വിഷയങ്ങൾ 2 മിനിറ്റിൽ ബഹു. മുഖ്യമന്ത്രിയുടെ മുൻപാകെ അവതരിപ്പിക്കുന്നതിന് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നല്കുന്നതിനായി തെരെഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് കോട്ടയം ബസേലിയസ് കോളജിൽ വച്ച് 04.02.2021-ൽ 10.30 എ.എം. മുതൽ ഒരു ദിവസത്തെ പരിശീലന പരിപാടി സംഘടിപ്പിക്കുന്നതിനും, ഈ പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നവർക്ക് ഉച്ച ഭക്ഷണം നൽകുവാനും ആയതിന്റെ ചെലവ് ഫുഡ് ആന്ഡ് ഹോസ്പിറ്റാലിറ്റി കമ്മിറ്റിയുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുവാനും, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയിൽ നിന്നും പങ്കെടുക്കുന്ന വിദ്യാർത്ഥികളുടെയും അവരിൽ നിന്ന് ചോദ്യങ്ങൾ ചോദിക്കുവാൻ തെരഞ്ഞെടുക്കപ്പെട്ടവരുടെയും ലിസ്റ്റ് ആവശ്യപ്പെടുവാനും, പരിപാടിയിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് അഡ്മിറ്റ് കാർഡ് നല്കേണ്ടതാണെന്നും ശിപാർശ ചെയ്തു.

4. സ്റ്റുഡന്റ് മീറ്റിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് കോംപ്ലിമെന്ററായി ഓരോ പുസ്തകവും സർവകലാശാല ഇൻഫർഷൻ ബുക്കും റിസപ്ഷൻ കമ്മിറ്റിയുടെ ചുമതലയിൽ നല്കുവാനും, ടി ആവശ്യത്തിലേക്ക് 'എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ' എന്ന പുസ്തകത്തിന്റെ 240 കോപ്പികൾ വാങ്ങുവാനുമുള്ള അനുമതി നല്കുവാനും, പരിപാടിയിലേക്ക് ആവശ്യമായ ഫെയ്സ് മാസ്ക്, സാനിറ്റൈസർ, ഹാൻഡ്ഗ്ളൗസ്, കുടിവെള്ളം നല്കുന്നിതിനുള്ള ബോട്ടിൽ എന്നിവ യൂണിവേഴ്സിറ്റി യൂണിയൻ ഫണ്ടിൽ നിന്നുള്ള തുക ഉപയോഗിച്ച് വാങ്ങി നല്കുന്നതിന് അനുമതി നല്കണമെന്ന വിദ്യാർത്ഥി യൂണിയൻ ജനറൽ സെക്രട്ടറിയുടെ ആവശ്യം അംഗീകരിക്കുവാനും, ഇൻസ്പയർ കേരള പരിപാടിയുടെ റിസോഴ്സ് പേഴ്സണുള്ള പ്രതിഫലവും യാത്രപ്പടിയും മറ്റുമുള്ള അനുബന്ധ ചെലവുകൾക്കും ആവശ്യമായ 50,000/- രൂപ കൂടി ഡി.എസ്.എസിന്റെ ഫണ്ടിൽ നിന്നും നല്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിന് ഡി.എസ്.എസ്.നെ ചുമതപ്പെടുത്തുവാനും, റിസപ്ഷൻ കൗണ്ടറിൽ പ്രവർത്തിക്കുന്നതിനായി എസ്.എം.ബി.എസ്. പഠനവകുപ്പിലെ വിദ്യാർത്ഥികളുടെ സേവനം ലഭ്യമാക്കുന്നതിന് ടി പഠനവകുപ്പ് മേധാവിയെ ചുമതലപ്പെടുത്തുന്നതിനും ശിപാർശ ചെയ്തു..

Draft #12 of File 3379/AC B7-3/2021/REG SECT Approved by ASSISTANT REGISTRAR IV (ACADEMIC) on 04-Feb-2021 08:35 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #12 of File 3379/AC B7-3/2021/REG SECT Approved by ASSISTANT REGISTRAR IV (ACADEMIC) on 04-Feb-2021 08:35 PM - Page 3

5. സ്റ്റേജ് പന്തൽ എന്നിവയുടെ പണികൾ നടക്കുന്നതായി സർവകലാശാലാ എഞ്ചിനീയർ യോഗത്തെ അറിയിച്ചത്.

6. പരിപാടി നടക്കുന്ന ദിവസം പങ്കെടുക്കേണ്ട വിദ്യർത്ഥികൾക്ക് കോട്ടയം, ഏറ്റുമാനൂർ എന്നിവടങ്ങളിൽ നിന്നും സർവകലാശാലയിലേക്ക് എത്തുന്നതിനും തിരികെ പോകുന്നതിനുമായി പ്രത്യേക ബസ് ഏർപ്പടുത്തുവാനും ,പരിപാടിയുമായി ബന്ധപ്പെട്ട് അത്യാവശ്യ ഉപയോഗത്തിനായി 2 സർവകലാശാല വാഹനങ്ങൾ (കാർ/ജീപ്പ്) തയ്യാറാക്കിനിർത്തുവാനും എ.ഡി.ബി-5 സെക്ഷനെ ചുമതലപ്പെടുത്തുവാൻ ശിപാർശ ചെയ്തു.

7. സ്റ്റുഡന്റ് മീറ്റിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം; പോലീസ്, ആരോഗ്യം, അഗ്നിശമന സേന തുടങ്ങിയ മറ്റു വകുപ്പുകളിൽ നിന്നും എത്തുന്നവർക്ക് ചായ/കാപ്പി ലഘുഭക്ഷണം. വിദ്യാർത്ഥികൾക്കും പരിപാടിയുമായി ബന്ധപ്പെട്ട് ചുതമലയുള്ള സർവകലാശാലയിലെയും മറ്റ് വകുപ്പുകളിൽ നിന്ന് എത്തുന്ന ഉദ്യോഗസ്ഥർക്കും ക്ഷണിക്കപ്പെട്ടവർക്കുമുള്ള ഉച്ച ഭക്ഷണം എന്നിവയുടെ ചെലവിനായി ഏകദേശം 1.25 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഫുഡ് കമ്മിറ്റി കൺവീനർ അവതരിപ്പിച്ചത് അംഗീകരിക്കുന്നതിനും, ടി തുകയിൽ 50,000/- രൂപ ഫുഡ് കമ്മിറ്റി കൺവീനർ ആവശ്യപ്പെടുമ്പോൾ കരാറുകാരന് മുൻകൂറായി നല്കുന്നതിനും, ടി തുകകൾ പരിപാടിയുടെ ആവശ്യത്തിനായി അനുവദിച്ച മുൻകൂർ തുകയായ 3,50,000/- രൂപയിൽ നിന്ന് നകുന്നതിനും ശിപാർശ ചെയ്തു.

8. സ്റ്റുഡന്റ് മീറ്റുമായി ബന്ധപ്പെട്ട് സർവകലാശാലയിലെത്തുന്ന വിശിഷ്ടാതിഥികൾക്ക് സർവകലാശാല ഗസ്റ്റ് ഹൗസിൽ താമസ സൗകര്യവും ഭക്ഷണവും നല്കുന്നതിനുള്ള നടപടികൾ രജിസ്ട്രാറുടെ നിർദ്ദേശ പ്രകാരം ഗസ്റ്റ് ഹൗസിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥർ ചെയ്യേണ്ടതാണെന്ന് ശിപാർശ ചെയ്തു..

9. വീഡിയോ ക്ലിപ്പിംഗിൽ ജനറൽ കമ്മിറ്റിയുടെ ആവശ്യപ്രകാരം വരുത്തിയ മാറ്റങ്ങൾക്ക് 8,500/- രൂപ ടി. ജോലി ചെയ്ത പി.കെ. ആർ. പ്രൊഡക്ഷൻസ്, കാരക്കാട്, ചെങ്ങന്നൂർ - 689 504 എന്ന സ്ഥാപനത്തിന് നൽകുവാൻ ശിപാർശ ചെയ്തു.

മേൽ ശിപാർശകൾ ബഹു. വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സുരേഷ്ബാബു കെ

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

(1) വൈസ് ചാൻസിലർ/ പ്രോ - വൈസ് ചാൻസലർ എന്നിവരുടെ പി.എസ് മാർക്ക്
(2 ) രജിസ്ട്രാറുടെയും , പരീക്ഷ കോൺട്രോളറുടെയും, ഫിനാൻസ് ഓഫീസറുടെയും പി.എ മാർക്ക്.
(3) അഡ്വ.പി. ഷാനവാസ് (സിൻഡിക്കേറ്റ് അംഗം & ജനറൽ കമ്മറ്റി കൺവീനർ )
(4) പ്രൊഫ.ഹരികൃഷ്ണൻ പി. (സിൻഡിക്കേറ്റ് അംഗം& പ്രോഗ്രാം & കോ ഓർഡിനേഷൻ കമ്മറ്റി കൺവീനർ)
(5) ഡോ. ബി. കേരളവർമ ( സിൻഡിക്കേറ്റ് അംഗം & അക്കാദമിക് & സ്ക്രീനിംഗ് കമ്മിറ്റി കൺവീനർ)
(6) പ്രൊഫ.(ഡോ.) നന്ദകുമാർ കളരിക്കൽ (സിൻഡിക്കേറ്റ് അംഗം&ഫുഡ് & ഹോസ്പിറ്റാലിറ്റി കമ്മറ്റി കൺവീനർ)
(7) ഡോ. എ. ജോസ്, (സിൻഡിക്കേറ്റ് അംഗം & ധനകാര്യം കമ്മറ്റി കൺവീനർ)
(8) ഡോ . ബിജു തോമസ് (സിൻഡിക്കേറ്റ് അംഗം, സ്റ്റേജ് & ഹാൾ കമ്മറ്റി കൺവീനർ)
(9) ഡോ.വർഗ്ഗീസ് കെ. ചെറിയാൻ (സിൻഡിക്കേറ്റ് അംഗം & പബ്ലിസിറ്റി കമ്മറ്റി കൺവീനർ)
(10) ഡോ. സുധാകരൻ കെ. എം (സിൻഡിക്കേറ്റ് അംഗം & ടെക്നിക്കൽ കമ്മറ്റി കൺവീനർ)
(11) ഡോ. ഷാജില ബീവി എസ്. (സിൻഡിക്കേറ്റ് അംഗം & റിസപ്ഷൻ കമ്മറ്റി കൺവീനർ)
(12) ശ്രീ.മുഹമ്മദ് അബ്ബാസ് എസ്. (സർവ്വകലാശാല യൂണിയൻ ജനറൽ സെക്രട്ടറി
(13 ) സർവ്വകലാശാല എൻജിനിയർ
(14) ജെ.ആർ 1 (ഭരണം), ജെ.ആർ 2 (ഭരണം), ഡി.ആർ 2 (അക്കാദമിക്) എ.ആർ 4 (അക്കാദമിക് )
(15 ) കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ.
(16) ഡി.എസ്.എസ് (തുടർ നടപടികൾക്കായി )
(17 ) പി.ആർ.ഒ
(18) വകുപ്പ് മേധാവി (സ്കൂൾ ഓഫ് മാനേജ്മെന്റ് ആൻഡ് ബിസിനസ് സ്റ്റഡീസ് )
(19) സെക്യൂരിറ്റി ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #12 of File 3379/AC B7-3/2021/REG SECT Approved by ASSISTANT REGISTRAR IV (ACADEMIC) on 04-Feb-2021 08:35 PM - Page 4

(20) എസ്റ്റേറ്റ് ഓഫീസർ / എ.ഡി.ബി 5 (തുടർ നടപടികൾക്കായി )

(21) ശ്രീമതി.സുമ എം.പി., സെക്ഷൻ ഓഫീസർ,

ഫിനാൻസ് ഓഡിറ്റ് IV-

(22) കെയർ ടേക്കർ , സർവ്വകലാശാല ഗസ്റ്റ് ഹൗസ് (തുടർ നടപടികൾക്കായി)

(23) എ.ഡി.എ 9

(24) സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി.

Draft #12 of File 3379/AC B7-3/2021/REG SECT Approved by ASSISTANT REGISTRAR IV (ACADEMIC) on 04-Feb-2021 08:35 PM - Page 5

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം